# പതിനാലാം കേരളനിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.872 — 01.03.2017 ന് മറുപടിയ്ക്ക്.

## വന്യജീവികളുടെ ആക്രമണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ.എൻ.ഷംസീർ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) കഴിഞ്ഞ ഒരു വർഷം വന്യജീവികളുടെ ആക്രമണത്തിൽ എത്ര ആളുകൾ സംസ്ഥാനത്ത് മരണമടഞ്ഞിട്ടുണ്ട് ; ഇവരിൽ വനം വകുപ്പ് ജീവനക്കാർ എത്രയുണ്ട് ; | (എ) കഴിഞ്ഞ ഒരു വർഷം വന്യജീവികളുടെ ആക്രമണത്തിൽ 114 ആളുകൾ സംസ്ഥാനത്ത് മരണമടഞ്ഞിട്ടുണ്ട്. ഇവരിൽ ഒരു വനം വകുപ്പ് ജീവനക്കാരൻ ഉണ്ട്. |
| (ബി) വന്യജീവികളുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടവർക്ക് ധനസഹായം നൽകിവരുന്നുണ്ടോ ; ഉണ്ടെങ്കിൽ ധനസഹായം അനുവദിക്കുന്നതിന്റെ മാനദണ്ഡം എന്താണ് ? | (ബി) വന്യജീവികളുടെ ആക്രമണത്തിൽ കൊല്ലപ്പെടുന്നവരുടെ ആശ്രിതർക്ക് സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്) നം.96/2014/വനം തീയതി 17.11.2014 പ്രകാരം 5 ലക്ഷം രൂപ ധനസഹായം നൽകി വരുന്നുണ്ട്. കാടിനു പുറത്തുവച്ച് പാമ്പുകടിയേറ്റ് മരിക്കുന്നവരുടെ ആശ്രിതർക്ക് 1 ലക്ഷം രൂപ നഷ്ടപരിഹാരം നൽകി വരുന്നു. 1980-ലെ 'The Kerala Rules for Compensation to Victims of Attack by Wild Animals' പ്രകാരമാണ് നഷ്ടപരിഹാരം നല്കി വരുന്നത്. |

സെക്ഷൻ ഓഫീസർ